# സ്റ്റുഡൻസ് പോലീസ് കേഡറ്റുകളെയും പങ്കെടുപ്പിച്ച് കൊണ്ട് എറണാകുളം റൂറൽ ജില്ലയിൽ വിവിധ സ്കൂൾ പരിസരങ്ങളിലെ കടകളിൽ അനധികൃത പുകയില ഉൽപന്നങ്ങളുടെ റെയ്ഡ് നടത്തി

അനധികൃതമായി ലഹരി ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നവരെ പിടികൂടുന്നതിനും, പുകയില ഉൽപ്പന്നങ്ങളുടെ ദൂക്ഷ്യവശങ്ങളെ കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ കൂടുതൽ അവബോധം വളർത്തുന്നതിനും ലക്ഷ്യമിട്ട് എറണാകുളം റൂറൽ ജില്ലയിലെ സ്റ്റുഡൻസ് പോലീസ് കേഡറ്റുകളുടെ സഹകരണത്തോടെ റൂറൽ ജില്ലാ പോലീസ് വിവിധ സ്കൂൾ പരിസരങ്ങളിലും മറ്റും ഇന്ന് (17-02-2017) രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 01.00 മണി വരെ പുകയില ഉൽപന്നങ്ങളുടെ റെയ്ഡ് നടത്തി.

കൊച്ചി റേഞ്ച്ഐ.ജി. ശ്രീ.പി.വിജയൻ ഐ.പി.എസ് ൻെറ നിർദ്ദേശപ്രകാരമാണ് റേഞ്ചിനു കീഴിലെ വിവിധ ജില്ലകളിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റുകളുടെ സഹകരണത്തോടെ സ്പെഷ്യൽ ഡ്രൈവ് നടത്തിയത്.

എറണാകുളം റൂറൽ ജില്ലയിൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി. ജോർജ്ജ് ഐ.പി.എസ് ൻെറ മേൽനോട്ടത്തിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ ആകെ 278 റെയ്ഡുകൾ നടത്തി, അനധികൃത പുകയില ഉൽപന്നങ്ങൾ വിൽപ്പനയ്ക്കായി സൂക്ഷിച്ചതുമായി ബന്ധപ്പെട്ട് 44 കേസ്സുകൾ രജിസ്റ്റർ ചെയ്തു.